Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 12.6.2018

## കെ.സി.എസ്.എൽ ആനിമേറ്റർമാരുടെ സംഗമവും അവാർഡ് ദാനവും

കൊച്ചി: സാമൂഹിക നന്മകൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളും യുവതീ യുവാക്കളും പങ്കാളികളാകണമെന്ന് ആർച്ചു ബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ. കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗിന്റെ സംസ്ഥാന തലത്തിലുള്ള ആനിമേറ്റർമാരുടെ സംഗമവും അവാർഡ് ദാനസമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന പ്രസിഡണ്ട് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ സ്വാഗതം പറഞ്ഞു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ ഫാ. വർഗീസ് വള്ളിക്കാട്ട്. അഡ്വ. ചാർളി പോൾ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ദീപിക ചിൽഡ്രൻസ് ലീഗ് സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ രചിച്ച പഠന പുസ്തകവും ഫാ. തോംസൺ പഴയചിറപീടികയിൽ രചിച്ച "വെൺമഞ്ഞു പോലൊരു മഹാവിശുദ്ധൻ' എന്ന പുസ്തകവും പ്രകാശനം ചെയ്തു.

സംസ്ഥാന അധ്യാപക അവാർഡുകൾ ആലപ്പുഴ രൂപതയുടെ ജോസി ബാസ്റ്റ്യനും കോട്ടപ്പുറം രൂപതയുടെ സി. ലിസി ദേവസിക്കും ആർച്ചു ബിഷപ്പ് സമ്മാനിച്ചു. സിറിയക്ക് നരിതൂക്കിൽ, മനോജ് ചാക്കോ വടക്കേമുറി എന്നിവർ പ്രസംഗിച്ചു. ജോസഫ് മാത്യു, സെബാസ്റ്റ്യൻ വി.വി, ജോജി എം. വർഗീസ്, സി. മോളി ദേവസി, എൽസി ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. തോംസൺ പഴയചിറപീടികയിൽ**
സംസ്ഥാന ഡയറക്ടർ, കെ.സി.എസ്.എൽ

ഫോട്ടോ മാറ്റർ: കെ.സി.എസ്.എൽ സംസ്ഥാന ആനിമേറ്റർമാരുടെ സംഗമവും അവാർഡ് ദാന സമ്മേളനവും ആർച്ചുബിഷപ്പ് ഫ്രാൻസിസ് കല്ലറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ, പി.ഒ.സി ഡയറക്ടർ ഫാ.വർഗീസ് വള്ളിക്കാട്ട്, സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ, അഡ്വ. ചാർളി പോൾ, ഐവിൻ ജോജോ, ജോജി എം വർഗീസ്, സെബാസ്റ്റ്യൻ വി. വി, അലിഷ കെ ബാബു എന്നിവർ സമീപം.